# പതിമൂന്നാം കേരള നിയമസഭ

## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3672 17/12/2015-ൽ മറുപടിയ്ക്ക്**

**<u>മത്സ്യത്തൊഴിലാളികൾക്ക് ഫ്ളാറ്റ് നിർമ്മാണം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. വർക്കല കഹാർ:<br>ശ്രീ. ലൂഡി ലൂയിസ്:<br>ശ്രീ. പി. സി. വിഷ്ണുനാഥ്:<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| എ) | ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളികൾക്ക് ഫ്ളാറ്റ് നിർമ്മാണത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; | എ) | ഭൂരഹിതരും ഭവനരഹിതരുമായ തെരെഞ്ഞെടുക്കപ്പെടുന്ന 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്ന "ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന പദ്ധതി"-യ്ക്ക് 2014 - 15 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നല്കി. പദ്ധതിയുടെ അടങ്കൽ തുക 48.75 കോടി രൂപയാണ്. കൂടാതെ 4.70 കോടി രൂപ അടങ്കൽ തുകയിൽ അടിമലത്തുറ മത്സ്യഗ്രാമത്തിൽ 100 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്ന പദ്ധതിയ്ക്ക് 2013-14 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നല്കിയിരുന്നു. മേൽ പദ്ധതികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) | ഭൂരഹിതരും ഭവനരഹിതരുമായ സംസ്ഥാനത്തെ 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സർക്കാരോ സന്നദ്ധ സംഘടനകളോ സ്വകാര്യ വ്യക്തികളോ ഭൂമി സ്വമേധയാ നൽകുകയാണെങ്കിൽ പ്രസ്തുത ഭൂമി ഉപയോഗിക്കുകയും അല്ലാത്ത പക്ഷം അനുയോജ്യമായ ഭൂമി വാങ്ങി ഭവനം നിർമ്മിച്ച് നൽകുക എന്നതാണ് ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. അടിമലത്തുറ മത്സ്യഗ്രാമത്തിലെ തെരെഞ്ഞെടുക്കപ്പെടുന്ന ഭവനരഹിതരായ 100 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സർക്കാർ കണ്ടെത്തുന്ന ഭൂമിയിൽ ഭവനം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ അനുവദിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) | വലിയ തുറയിൽ ഫ്ളാറ്റ് നിർമ്മാണത്തിനായി തിരുവനന്തപുരം കോർപ്പറേഷൻ വിട്ടു നൽകിയ സ്ഥലത്ത് കേരള സംസ്ഥാന തീരദേശ കോർപ്പറേഷൻ മുഖേന 32 കുടുംബങ്ങൾക്കുള്ള ഫ്ളാറ്റ് നിർമ്മാണം ആരംഭിക്കുകയും ഇതിൽ 8 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. അടിമലത്തുറ മാതൃകാ മത്സ്യഗ്രാമത്തിനായി കണ്ടെത്തിയ തിരുവനന്തപുരം കോട്ടുകാൽ വില്ലേജിലെ 141 സെന്റ് സ്ഥലം ഫിഷറീസ് വകുപ്പിന് വിട്ടു കിട്ടുന്നതിനും പദ്ധതി നടപ്പിലാക്കുന്നിനുമുള്ള പെർമിസീവ് സാങ്ഷൻ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതിക്കായി സ്ഥലം വിവിധ ജില്ലകളിൽ കണ്ടെത്തുകയും ആയത് ഫിഷറീസ് വകുപ്പിന് ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.<br>പദ്ധതിയ്ക്ക് അതാത് വർഷം ഭരണാനുമതി നൽകുകയും, വകുപ്പ് മന്ത്രി, ഫിഷറീസ് സെക്രട്ടറി, ഫിഷറീസ് ഡയറക്ടർ, നിർവ്വഹണ ഏജൻസി തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടി പദ്ധതി പുരോഗതി അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ആഫീസർ